എളമ്പിലാക്കോട്

# വെളിച്ചത്തിലേക്ക്

[ഏതാണ്ട് ഒൻപതു വർഷങ്ങൾക്കുമുമ്പ് തെളിഞ്ഞ ഒരു മകര മധ്യാഹ്നത്തിൽ, അപരിചിതരെങ്കിലും സുപരിചിതരപ്പോലെ സുസ്മേരവദനരായി വീട്ടിലേക്ക് കയറിവന്ന സാർഥവാഹക സംഘത്തിന്റെ, ആത്മാവിന്റെ അഗാധതയിൽനിന്നുറന്നു വരുന്ന ഉൾക്കരുത്താർന്ന മൊഴികളും, വശ്യമായ പെരുമാറ്റങ്ങളുമാണ് എന്റെ ശ്രദ്ധയെ ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് തിരിച്ചുവിട്ടത്. ജമാഅത്തെ ഇസ്‌ലാമിയുടെ ആ സ്കോഡ് പ്രവർത്തകർ നിർബന്ധപൂർവം അന്ന് ഉപ്പയെക്കൊണ്ട് വാങ്ങിപ്പിച്ച ആ രണ്ടു ലഘുകൃതികൾ. രക്ഷാസരണി, സത്യമാർഗം, ജഗ്രത്തായ എന്റെ ബോധേന്ദ്രിയങ്ങളെ തീർത്തും നവീനമായ വിചാരത്തിലേക്കാനയിച്ചു. സത്യത്തിന്റെ അനശ്വര തേജസ്സിനാലലംകൃതമായയ ആ വിചാര പഥത്തിലൂടെ, അതിനുശേഷം അനുസ്യൂതമായി എന്റെ ആത്മാവ് നടത്തിക്കൊണ്ടിരിക്കുന്ന തീർഥയാത്ര, തീക്കാറ്റു ചൂളം വിളിക്കുന്ന വന്ധ്യസൈകതത്തിന്റെ പടർന്നുകയറ്റത്തിൽനിന്നും ഇവന്റെ ഹൃദയതീരങ്ങളെ സദാ സംരക്ഷിച്ച്, ഉർവ്വരമാക്കിക്കൊണ്ടിരിക്കുന്നു.]

വ്യർഥ സ്വപ്നങ്ങൾക്കു
പിറകിലുൻമത്തമാർ-
ന്നർത്ഥമറ്റലയുമെൻ
ഹൃത്തിലായ്, ഉൻമാദ-
മാറ്റിയൊരു
സന്മാർഗദീപം
സഹർഷം കൊളുത്തുവാ-
നാസാർത്ഥ വാഹകസംഘമി-
ങ്ങത്രമേലുൽക്കർഷ
ചിത്തരായെത്തിയ
തെങ്ങുനിന്നോ?

ആർത്തിപൂണ്ടിരുൾനരി-
ക്കൂട്ടങ്ങൾ ചുറ്റിലും
ആർത്തടുക്കുമ്പോഴും
ഇത്രമേൽ തെളിവാർന്ന-
ന്നത്രമേൽ കനിവാർന്ന
ചിത്തമീമർത്ത്യർ-
ക്കേതേതുപാസനാ
സിദ്ധിയാലോ!

മകരമഞ്ഞുപോലമലമാം
മനതാരിൽ തിങ്ങു-
മനശ്വര സൗരഭം
എന്നിൽ ചൊരിഞ്ഞു കൊ-
ണ്ടവധൂതരെപ്പോലെ-
യവരകന്നീടവെ,

ഇരുളിന്റെ ഘോരമാം
പ്രളയമലറുമ്പോഴും
ആശ, യാവേശങ്ങ-
ളാരിവർക്കീമ-
ട്ടരുളിസ്സുധീരമായ്
ഉന്നത ശീർഷനായ്
മുന്നിൽ ചരിച്ചവനെന്നോർ-
ത്തദ്ഭുതംകൂറിഞാൻ.
അന്ധകാരത്തി-
ന്നഗാധമാം ചുഴിയിൽനി-
ന്നാമഹാനല്ലോശ്*
പിന്നെയെൻഹൃത്തിനെ-
പ്പൊൽക്കിരണജാലകങ്ങൾ
തോരണം ചാർത്തുന്നൊ-
രാരാജഥ്യയിലൂ-
ടമരമാം ലോകത്തി-
ലേക്കാനയിച്ചു.

പുതുലോകനിർമ്മിതി-
ക്കുതകുന്ന മുഗ്ധമാം
കതിരൊളികൾ വീശി-
യുദാരഗംഭീരമായ്
ഭാസുരം മിന്നുന്ന
ഭാവിതാത്മാവേ!

ഭാവിലോകത്തിൻ
മാറിലായ്
ഭാവൽകിരണങ്ങ-
ളാരെതിർത്തീടിലും
താരകഹാരങ്ങ-
ളായ് ജ്വലിക്കും.

---

* മൗലാനാ മൗദൂദി